## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1116** **13/12/2012 -ൽ മറുപടിക്ക്**

## സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അംഗീകാരമില്ലാതെ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളെ സർക്കാർ സ്കൂളുകളിൽ പരീക്ഷ എഴുതിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | (എ) സ്ഥിരാംഗീകാരത്തിനുള്ള അപേക്ഷയിന്മേൽ അന്തിമതീരുമാനം ആകാത്ത സ്കൂളുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ ഭാവി പരിഗണിച്ച് വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും കോടതി വിധിയുടെ അടിസ്ഥാനത്തിലും അംഗീകാരമില്ലാതെ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളെ സർക്കാർ സ്കൂളുകളിൽ പരീക്ഷ എഴുതാൻ അനുവദിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) സർക്കാർ സ്കൂളുകളിൽ പരീക്ഷ മാത്രം എഴുതിച്ച് മറ്റ് സ്കൂളുകളിലേക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ കഴിഞ്ഞ വർഷം ഇത്തരത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുകയും സർക്കാർ സ്കൂളുകളിൽ പരീക്ഷ എഴുതുകയും ചെയ്ത വിദ്യാർത്ഥികൾ എത്ര; ജില്ല തിരിച്ച് വെളിപ്പെടുത്താമോ ? | (ബി) 9.2.2012-ലെ സ.ഉ.(സാധാ) നം: 662/12/ പൊ.വി.വ. ഉത്തരവു പ്രകാരം തൃശ്ശൂർ ജില്ലയിലെ സർക്കാർ അംഗീകാരമില്ലാത്ത അണ്ടത്തോട് തഖ്‌വ റസിഡൻഷ്യൽ ഇംഗ്ലീഷ് ഹൈസ്ക്കൂളിലെ 28 വിദ്യാർത്ഥികൾക്ക് 2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |

Sreelevi

സെക്ഷൻ ഓഫീസർ